(ബി) ഇപ്രകാരം ദിവസക്കൂലിയടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം തസ്തിക തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത ദിവസക്കൂലിക്കാരെ അടിയന്തിരമായി പിരിച്ചുവിട്ട് വകുപ്പിലെ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്പെഷ്യൽ റൂൾസ് ഉണ്ടാവാൻ കാലതാമസമുള്ളതിനാൽ ലാസ്കർ തസ്തികയിൽനിന്നും റൂംബോയ്, വെയ്റ്റർ തസ്തികകളിലേക്ക് 2000 ഒക്ടോബർ മാസം വരെ പ്രൊമോഷൻ നടത്തിയിരുന്നതുപോലെ വീണ്ടും പ്രൊമോഷൻ നടത്തി ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റൂം അറ്റന്റർ .. 17
വെയ്റ്റർ .. 26

(സി) റൂം അറ്റന്റർ, വെയ്റ്റർ എന്നീ തസ്തികകളിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ലിസ്റ്റുകൾ ലഭ്യമാകുന്ന മുറയ്ക്ക് ദിവസക്കൂലിക്കാരുടെ സേവനം അവസാനിപ്പിക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ പിന്നോക്ക വിഭാഗങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കാൻ നടപടി

49 [5425] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. രാജു എബ്രഹാം:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പ്രദേശങ്ങളിലെ പൊതു വിദ്യാലയങ്ങൾ സർക്കാർ പൂട്ടിക്കൊണ്ടിരിക്കുകയാലും നിർബാധം അൺഎയ്ഡഡ് സ്ഥാപനങ്ങൾ നിലവിൽ വരുന്നതിനാലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടിയ പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; ഇതിനകം അടച്ചുപൂട്ടിയ വിദ്യാലയങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് സംവിധാനമുണ്ടാക്കുമോ;

(സി) വിദ്യാഭ്യാസം നിഷേധിച്ച് അടിച്ചമർത്തപ്പെട്ടിരുന്ന പിന്നോക്ക വിഭാഗങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് സഹായകരമായി പ്രവർത്തിക്കാൻ പിന്നോക്ക സമുദായക്ഷേമ വകുപ്പ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂളുകൾ നിർത്തലാക്കിയ പ്രദേശങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും രണ്ട് കിലോമീറ്റർ പരിധിക്കുള്ളിൽത്തന്നെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ തുടർപഠന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ആയതിനാൽ പുതിയ സംവിധാനങ്ങൾ ആവശ്യമില്ല.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു സി.ബി.എസ്.സി. സ്കൂളും പ്രീ-മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും നടത്തിവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങളെ വിദ്യാഭ്യാസത്തിന്റെ ഉന്നത ശ്രേണിയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ കർമ്മനിരതമാണ്. കൂടാതെ മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഈ വകുപ്പിൽനിന്നും ആനുകൂല്യം നൽകുന്നുണ്ട്.

ആദിവാസി കോളനികളിലെ തൊഴിലില്ലായ്മയും പട്ടിണി മരണങ്ങളും സംബന്ധിച്ച കണക്കുകൾ

50 [5426] ശ്രീ. എ. കെ. ബാലൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽ തൊഴിലില്ലായ്മയും പട്ടിണി മരണങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരായി പട്ടിണിയെ നേരിടുന്ന ആദിവാസികൾക്കുവേണ്ടി എന്തെങ്കിലും ആശ്വാസ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തൊഴിൽരഹിതരായ ആദിവാസികളെ സംബന്ധിച്ച കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ടു ചെയ്യപ്പെട്ട ആദിവാസികളുടെ മരണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പട്ടിണിമൂലം സംരക്ഷിക്കാൻ കഴിയാതെ കുട്ടികളെ അട്ടപ്പാടി ട്രൈബൽ കോളനിയിൽനിന്നും വിലയ്ക്കു വാങ്ങിക്കൊണ്ടുപോയതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വർഷക്കാലങ്ങളിൽ തൊഴിലില്ലായ്മ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടിണി മരണങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിൽ ലഭ്യമല്ലാത്ത കാലയളവിൽ സൗജന്യ റേഷൻ നൽകുകയും ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly